പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4363 — 19.10.2011-ൽ മറുപടിയ്ക്ക്

## ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കിയ പദ്ധതികൾ

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. മാത്യു റ്റി. തോമസ് :<br>ശ്രീമതി ജമീലാ പ്രകാശം : | ശ്രീ. *കെ.പി.മോഹനൻ*<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഹോർട്ടികൾച്ചർ മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, ദേശീയ ഔഷധസസ്യ മിഷൻ എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. |
| (ബി) മുൻസർക്കാരിന്റെ കാലത്ത് ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കിയ പദ്ധതികളുടെയും ഇതിനായി ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, ദേശീയ ഔഷധസസ്യ മിഷൻ എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കിയത്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 32767.61 ലക്ഷം രൂപയും ദേശീയ ഔഷധസസ്യ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 590.43 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ ? | (സി) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പുവർഷത്തിലും 77 കോടി രൂപ അടങ്കൽ തുക വരുന്ന ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയും 2.25 കോടി രൂപ അടങ്കൽ തുക വരുന്ന ദേശീയ ഔഷധസസ്യ മിഷൻ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. കൂടാതെ പച്ചക്കറികൃഷി വ്യാപകമാക്കുവാൻ 10.48 കോടി രൂപ ധനസഹായത്തോടെ 'പച്ചക്കറി സമൃദ്ധി , നാടിനും നഗരത്തിനും' എന്ന പദ്ധതി രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിവരുന്നു. ഇതിനു പുറമേ 6.15 കോടി രൂപയുടെ പച്ചക്കറി സംരക്ഷിത കൃഷി, 5.23 കോടി രൂപയുടെ പച്ചക്കറിയുടേയും വാഴയുടേയും സൂക്ഷ്മ കൃഷി, 0.28 കോടി രൂപയുടെ കൂൺകൃഷി, 3.12 കോടി രൂപയുടെ ടിഷ്യൂക്കൾച്ചർ വാഴക്കൃഷി, 12.57 കോടി രൂപയുടെ ഇടുക്കി ജില്ലയിലെ വട്ടവട-കാന്തല്ലൂർ മേഖലയിൽ ശീതകാല പച്ചക്കറികൃഷി, 6.06 കോടി രൂപയുടെ ശീതകാല പഴവർഗ്ഗ കൃഷി വികസനത്തിനായി ഇടുക്കി ഫ്രൂട്ട്ബെൽറ്റ്, എന്നിവയ്ക്ക് വേണ്ടിയുള്ള പദ്ധതി RKVY- യുടെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |

R.R. 17/8/'92

സെക്ഷൻ ഓഫീസർ